പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3064 — 11/12/2014 ൽ മറുപടിയ്ക്ക്

## വസ്തു പോക്കുവരവ്- നടപടിക്രമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വസ്തു പോക്കുവരവ് ചെയ്യുന്നതിനായി വസ്തുവിന്റെ വിസ്തീർണ്ണം കണക്കാക്കുന്നത് വില്ലേജ് ഓഫീസ് രേഖകളിലുള്ള വിസ്തീർണ്ണം, കൈവശ ഭൂമിയുടെ വിസ്തീർണ്ണം എന്നിവയുടെ അടിസ്ഥാനത്തിലാണോ; വിശദമാക്കുമോ; | (എ) വസ്തു പോക്കുവരവ് നടത്തുന്നത് വില്ലേജ് രേഖകളുടേയും, കൈവശ രേഖകളുടെയും, കൈവശ ഭൂമിയുടേയും, ആധാരത്തിന്റേയും അടിസ്ഥാനത്തിലാണ്. |
| (ബി) റീസർവ്വെ പൂർത്തിയായി നിരാക്ഷേപം കരമടച്ചു വരുന്ന വസ്തു, പോക്കുവരവ് ചെയ്യുന്നതിന് വീണ്ടും റീസർവ്വേ നടത്തേണ്ടതുണ്ടോ; വിശദമാക്കുമോ;<br>(സി) ഉണ്ടെങ്കിൽ ഏതെല്ലാം സാഹചര്യത്തിലാണ് റീസർവെ നടത്തേണ്ടത്. വിശദമാക്കുമോ; | (ബി)<br>(സി) വസ്തു സംബന്ധിച്ച് തർക്കങ്ങളോ, കോടതി ഉത്തരവുകളോ ഉള്ള പക്ഷം വീണ്ടും സർവ്വെ ചെയ്യുന്നതാണ്. |
| (ഡി) റീസർവ്വെ നടത്തി അപ്രകാരം വസ്തുവിന്റെ വിസ്തീർണ്ണം നിശ്ചയിച്ച സംഗതികളിൽ വസ്തുവിന്റെ ക്രയവിക്രയം റീസർവ്വെ പ്രകാരമുള്ള വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ ആധാരത്തിലെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ ചെയ്യേണ്ടത്; വിശദമാക്കുമോ;<br>(ഇ) റീസർവ്വെ നടത്തി വസ്തുവിന്റെ വിസ്തീർണ്ണം നിശ്ചയിച്ച് നിരാക്ഷേപം കരമടച്ച് വരുന്ന സംഗതികളിൽ വസ്തുവിന്റെ ആധാര പ്രകാരമുള്ള വിസ്തീർണ്ണം റീസർവ്വെ പ്രകാരമുള്ളതിൽ നിന്നും വ്യത്യസ്ഥമാണെങ്കിൽ ഏതാണ് കണക്കിലെടുക്കുന്നത്; വിശദമാക്കുമോ? | (ഡി)<br>(ഇ) ആധാര വിസ്തീർണ്ണം റീസർവ്വെ വിസ്തീർണ്ണത്തിൽ അടങ്ങുന്നുവെങ്കിൽ റീസർവ്വെ പ്രകാരവും, റീസർവ്വെ വിസ്തീർണ്ണം ആധാരത്തിലും കൂടുതലെങ്കിൽ ആധാര വിസ്തീർണ്ണവും അടിസ്ഥാനപ്പെടുത്തി നടത്താമെങ്കിലും ഇക്കാര്യത്തിൽ വിസ്തീർണ്ണ വ്യത്യാസം നിയമ പ്രകാരം പരിഹരിച്ച് ക്രയവിക്രയം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ